**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2592** **02-08-2021 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർസെക്കന്ററിയിലെ അസിസ്റ്റന്റ് ഡയറക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കന്ററി വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | മൂന്ന് ഒഴിവുകൾ. പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | കണ്ണൂർ-കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന പയ്യന്നൂർ മേഖല ഓഫീസിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നിലവിൽ വന്നത് എപ്പോൾ മുതലാണെന്ന് അറിയിക്കാമോ;പ്രസ്തുത ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (ബി) | 28.12.2019 മുതൽ പയ്യന്നൂർ മേഖലാ അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി ചട്ടപ്രകാരമുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഒഴിവിലേയ്ക്ക് റെഗുലർ/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത തസ്തികകളുടെ ഫീഡർ തസ്തികകളിൽ നിയമിതരായ ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിക്കുന്നതിനുള്ള നടപടികളിലാണ്. ടി ഉദ്യോഗസ്ഥരുടെ പ്രൊവിഷണൽ പ്രൊമോഷൻ ക്രമീകരിച്ച് പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ റഗുലർ വ്യവസ്ഥയിലുള്ള സ്ഥാനക്കയറ്റ നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ